"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- ശ്രീ.ആയുഷ് ജയരാജൻ.വി.വി.- നഗരസഭാസെക്രട്ടറി-യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.685/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. ശ്രീ ആയുഷ് ജയരാജൻ വി.വി.-യുടെ 19.12.2025 തീയതിയിലെ അവധി അപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.02.2026 തിയതിയിലെ LSGD/PD/802/2026-DEA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസറഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയിൽ സെക്രട്ടറി തസ്തികയിൽ 27.11.2025 മുതൽ സേവനത്തിൽ പ്രവേശിച്ച ശ്രീ ആയുഷ് ജയരാജൻ വി.വി., കെ.എസ്.ആർ. ഭാഗം-1 അനുബന്ധം XII B പ്രകാരം 12.01.2026 മുതൽ 31.01.2028 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്ത് ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ നീലേശ്വരം നഗരസഭയിൽ സെക്രട്ടറിയായ ശ്രീ.ആയുഷ് ജയരാജൻ.വി.വി.(GPEN-G87541)-യ്ക്ക് ടിയാൻ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 31.01.2028-വരെ കെ.എസ്.ആർ. ഭാഗം-1 അനുബന്ധം XII B വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) കേരള, തൃശ്ശൂർ
ശ്രീ.ആയുഷ് ജയരാജൻ വി.വി, സെക്രട്ടറി ,നീലേശ്വരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ

മുഖേന)

ചെയർപേഴ്സൺ ,നീലേശ്വരം നഗരസഭ

കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 11-03-2026 14:32:09

സെക്ഷൻ ഓഫീസർ